**ലേബർ കമ്മീഷണറുടെ നടപടിക്രമം**

(സാന്നിദ്ധ്യം : സഫ്ന നസറുദ്ദീൻ IAS)

വിഷയം : തൊഴിൽ വകുപ്പ് 1953 ലെ മിനിമം വേതന ചട്ടങ്ങൾ – വേനൽക്കാല പശ്ചാത്തലത്തിൽ വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ ജോലി സമയം പുനക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന :
1. 1953 ലെ മിനിമം വേതന ചട്ടങ്ങൾ
2. ഈ കാര്യാലയത്തിലെ 11/02/2025 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ LCO/707/2025-EN(2) തീയതി : 09/05/2025**

കേരളത്തിൽ വേനൽക്കാലം ആരംഭിക്കുകയും പകൽ താപനില ക്രമാതീതമായി ഉയരുന്നതുമായ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വിവിധ സ്ഥലങ്ങളിൽ വെയിലത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് സൂര്യാഘാതം ഏൽക്കുന്നതിനുള്ള സാഹചര്യമുണ്ട്. ആയതിനാൽ പൊതുജന താല്പര്യം മുൻനിർത്തി 1958-ലെ കേരള മിനിമം വേജസ് ചട്ടങ്ങളിലെ, ചട്ടം 24, 25-ലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തിനുള്ളിൽ വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സമയം 2025 ഫെബ്രുവരി 11 മുതൽ മെയ് 10 വരെ പുനക്രമീകരിച്ചുകൊണ്ട് വായന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വേനൽച്ചൂടിന്റെ തീവ്രത നിലനിൽക്കുന്ന സാഹചര്യത്തിൽ വെയിലത്ത് ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിൽ സമയം 2025 മെയ് 30 വരെ പുനഃക്രമീകരിച്ചുകൊണ്ടും ആയതിൻ പ്രകാരം പരിശോധന ഉദ്യോഗസ്ഥർ വായന (2) പ്രകാരം പാലിക്കേണ്ട വ്യവസ്ഥകൾ തുടരുന്നതിനും ഉത്തരവാകുന്നു.

(ഒപ്പ്)

ലേബർ കമ്മീഷണർ

പകർപ്പ് :

1. എല്ലാ ജില്ലാ കളക്ടർമാർക്കും
2. എല്ലാ റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർമാർക്കും
3. ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം
4. എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും
5. പബ്ലിസിറ്റി ഓഫീസർ
6. വെബ് മാസ്റ്റർ
7. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Bajumi

ജില്ലാ ലേബർ ഓഫീസർ (ആസ്ഥാനം)